സ്വജൽധാരാ പദ്ധതിയും ഗുണഭോക്തൃ വിഹിതവും

52 (4660) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വജൽധാരാ പദ്ധതിയ്ക്ക് ഗുണഭോക്തൃ വിഹിതം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കാൻ ഇപ്പോൾ തടസ്സം ഉണ്ടോ ;

(ബി) എങ്കിൽ ഈ തടസ്സങ്ങൾ നീക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ പുതുതായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സ്വജൽധാരാ പദ്ധതി ഗുണഭോക്താക്കളുടെ ആവശ്യാധിഷ്ഠിതമായ പദ്ധതിയായി ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി അവരിൽ നിന്നുതന്നെ രൂപം കൊള്ളേണ്ടതാണ്. അതിനാൽ ഓരോ സ്വജൽധാരാ പ്രോജക്ടിന്റെയും എസ്റ്റിമേറ്റ് തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കളിൽ നിന്ന് സ്വരൂപിക്കേണ്ടതുണ്ട്. ഇതിൽ 5% തുക നിർബന്ധമായും പണമായിതന്നെ പിരിച്ചെടുക്കേണ്ടതാണ്. ബാക്കി 5% സന്നദ്ധസേവനമായോ പദ്ധതിക്കാവശ്യമായ ഭൂമിയായോ സംഭാവന ചെയ്യാവുന്നതാണ്. ഈ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യത്യാസം വരുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ 10% ഗുണഭോക്തൃ വിഹിതമായി അടയ്ക്കാൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം കൊടുക്കാൻ കഴിയുകയില്ല.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി നടത്തുന്ന പ്രവർത്തനം

53 (4661) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി സംസ്ഥാന ജില്ലകളിൽ നടത്തുന്ന പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഏജൻസിയിൽ എത്ര ജീവനക്കാരുണ്ട് ; അവരുടെ ശമ്പള വിവരം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly